ഭക്ഷ്യസുരക്ഷാ പദ്ധതി

295 (1352) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി 2014 നവംബർ 1 മുതൽ നടപ്പിലാക്കുന്നതിന് 17-9-2014-ലെ സ.ഉ.(കൈ) നമ്പർ 39/14/ ഭ.സി.സ.വ. ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുമതി നൽകാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനായി, മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക, ഓഫീസ് ഓട്ടോമേഷൻ നടപടികൾ പൂർത്തിയാക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ കൂടിയുള്ള അലോട്ട്മെന്റ്, വിതരണം എന്നിവ ഓൺ ലൈനിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം കേരളത്തിന്റെ അലോട്ട്മെന്റ് 16.25 ലക്ഷം ടണ്ണായി ലഭ്യമാക്കുക, ഡോർ ഡെലിവറിക്കായി സാമ്പത്തിക സഹായം നൽകുക, ധർമ്മ സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യം തുടർന്നും ലഭ്യമാക്കണം തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ വച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ പദ്ധതി

296 (1353) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതി എന്ന് നടപ്പിലാകും എന്ന കാര്യം അറിയിക്കുമോ ;

(ബി) പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17-9-2014-ലെ സ.ഉ.(കൈ) നമ്പർ 39/14/ ഭ.സി.സ.വ. പ്രകാരം 2014 നവംബർ 1 മുതൽ താൽക്കാലികമായി ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കാർഡുകളുടെ ഡിജിറ്റലൈസേഷൻ, ഓഫീസ് ഓട്ടോമേഷൻ അംഗീകൃത മൊത്ത/ചില്ലറ വ്യാപാര ശാലകളിലെ കമ്പ്യൂട്ടർവൽക്കരണം, മൊത്ത/ചില്ലറ വ്യാപാര ശാലകൾക്കുള്ള അലോട്ട്മെന്റ്, ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലെ റേഷൻകാർഡുകൾ ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ., സ.ഉ.(കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

ഓഫീസ് ഓട്ടോമേഷനുവേണ്ടിയുള്ള ഹാർഡ്വെയർ പർച്ചേസ് നടപടികൾ നടന്നുവരുന്നു. മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം, അലോട്ട്മെന്റ്, വിതരണം എന്നിവ സംബന്ധിച്ച് ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുടെ സഹായത്തോടെ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ കേരളത്തിന്റെ റേഷൻ അലോട്ട്മെന്റ് 16 ലക്ഷം ടണ്ണായി കിട്ടുക, ഡോർ ടു ഡോർ ഡെലിവറിക്ക് കേന്ദ്രസഹായം ലഭ്യമാക്കുക, ധർമ്മ സ്ഥാപനങ്ങളുടെ അലോട്ട്മെന്റ് ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഈ നിയമം നടപ്പിലാക്കുമ്പോൾ ലഭ്യമാക്കണമെന്ന് സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ട്.